പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ *56

08/08/2017 ൽ
മറുപടിക്ക്

# ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധി

ചോദ്യം

ശ്രീ.ഡി.കെ. മുരളി
ശ്രീ. ബി.സത്യൻ
ശ്രീ. വി. ജോയി
ശ്രീ.എം.മുകേഷ്

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഉണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് (റ്റി.റ്റി.പി.എൽ.) ഉൾപ്പെടെയുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന അവലോകനത്തിന് വിധേയമാക്കി പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലഹരണപ്പെട്ട സാങ്കേതികവിദ്യ, കാലപ്പഴക്കം നേരിടുന്ന യന്ത്രസാമഗ്രികൾ, നിർദ്ദേശിക്കപ്പെട്ട മലിനീകരണ നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തത, തുടങ്ങിയവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധികൾ. മലിനീകരണ നിയന്ത്രണ സംവിധാനം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനും പ്ലാന്റ് നവീകരിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം 24 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | മുൻ സർക്കാരിന്റെ കാലത്തുണ്ടായതെന്ന് ആക്ഷേപമുള്ള കെടുകാര്യസ്ഥതയും അഴിമതിയും സ്ഥാപനത്തിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനെ ഏതു തരത്തിൽ ബാധിച്ചിട്ടുണ്ട്; മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണത്തിലെ അപാകത കൊണ്ടുണ്ടായ അപകടത്തിൽപ്പെട്ട് തൊഴിലാളി മരിക്കാനിടയായതിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ അവിടെ നടന്നതായി ആക്ഷേപമുള്ള ക്രമക്കേടുകളെ കുറിച്ച് വിശദ പരിശോധന നടത്താൻ തയ്യാറാകുമോ; | ബി) | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് 2012-2016 സാമ്പത്തിക വർഷങ്ങളിൽ നഷ്ടത്തിലായിരുന്നു. തന്മൂലം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ തടസ്സം നേരിട്ടു. ന്യൂട്രലൈസേഷൻ പ്ലാന്റ് പൂർത്തിയായെങ്കിലും കരാർ പ്രകാരമുള്ള രീതിയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കരാറെടുത്ത വാടെക് വബാഗ് എന്ന കമ്പനിയ്ക്ക് കഴിയാത്തതുമൂലം പൂർണ്ണതോതിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഇതിനെതുടർന്ന് 23.05.2017 ൽ കമ്പനി അടച്ചു പൂട്ടാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിടുകയുണ്ടായി. കമ്പനി വാടെക് വബാഗിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരികയാണ്. പ്ലാന്റ് തകർന്ന് തൊഴിലാളി മരിക്കാനിടയായ സംഭവത്തിൽ നിർമ്മാണപ്രവർത്തനത്തിന്റെ അപാകതകൾ പരിശോധിക്കുന്നതിനായി വ്യവസായ വകുപ്പ് സെക്രട്ടറിയെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് ഉദ്യോഗസ്ഥതലത്തിലും അല്ലാതെയുമുള്ള അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ച നേരിട്ടതായ ആക്ഷേപം പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | സി) | ഉദ്യോഗസ്ഥ തലത്തിലും അല്ലാതെയുമുള്ള അഴിമതിയും കെടുകാര്യസ്ഥതയുംമൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തകർച്ച നേരിടുന്നതൊഴിവാക്കുവാൻ കമ്പനികളുടെ ഭരണ നിർവ്വഹണ സംവിധാനം കാര്യക്ഷമമാക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ സ്ഥാപനമേധാവികളായി നിയമിക്കുന്നതിനുള്ള |

നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിദഗ്ധരെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം റിയാബ് മുഖേന എല്ലാമാസവും അവലോകനം ചെയ്തുവരുന്നതിന്റെ ഭാഗമായി പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായകരമായിട്ടുണ്ട്. കൂടാതെ മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും പ്രത്യേക അവലോകനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റു സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന്റെയും അഴിമതി തടയുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തികസ്ഥിതി അറിയുന്നതിനു വേണ്ടി കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റ് നടത്തുന്നതിന് കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. വാണിജ്യ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും മാനേജ്മെന്റിന്റെ കാര്യക്ഷമത കൂട്ടുന്നതിനുമായി വിവരസാങ്കേതിക

വിദ്യയുടെ സഹായത്തോടെയുള്ള സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നു.

സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിന്റെ ഭാഗമായി നിലവിലുള്ള ഉല്പാദന സൗകര്യങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവശ്യമായപദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ പദ്ധതി വിഹിതം നീക്കിവച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 270 കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതികൾ റിയാബ് മുഖേനയും സർക്കാർ തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് സംവിധാനം വഴിയും സൂക്ഷ്മമായ വിശകലനം നടത്തിയാണ് അനുമതി നൽകിവരുന്നത്. കൂടാതെ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നിരീക്ഷണ സംവിധാനവും ഉറപ്പുവരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ